(സി) 2006 മുതൽ 2015 വരെ ഓരോ വർഷവും കടബാധ്യതയുടെ തിരിച്ചടവിനായി പ്രതിവർഷം ചെലവഴിച്ച തുക (മുതൽ), പലിശ എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	മുതൽ തിരിച്ചടവ്	പലിശ തിരിച്ചടവ്	ആകെ തുക
2006-07	15733.25	4189.70	19922.95
2007-08	16517.24	4329.65	20846.89
2008-09	16200.30	4659.69	20859.99
2009-10	12479.45	5292.48	17771.93
2010-11	16170.65	5689.66	21860.31
2011-12	22035.94	6293.60	28329.54
2012-13	22939.37	7204.81	30144.18
2013-14	28485.49	8265.38	36750.87
2014-15	37185.64	9769.59	46955.23

ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

109 (115) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ബഡ്ജറ്റുകളിൽ ഓരോ വർഷവും പുതുതായി പ്രഖ്യാപിച്ച പദ്ധതികളുടെ എണ്ണവും ഓരോ വർഷവും യഥാർത്ഥത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞ പദ്ധതികളുടെ എണ്ണവും വിശദമാക്കാമോ ;

(ബി) ഓരോ ബഡ്ജറ്റിലും പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി അതത് വർഷം ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു ; അതിൽ യഥാർത്ഥത്തിൽ പിൻവലിക്കപ്പെട്ട തുക ഓരോ വർഷവും എത്ര വീതമായിരുന്നു; അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകളുംകൂടി പരിഗണിച്ച് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികളും ഇതിനായി വകയിരുത്തിയ തുകയും സംബന്ധിച്ചും ഇതിൽ യഥാർത്ഥത്തിൽ നടപ്പാക്കിയ പദ്ധതികളും പിൻവലിച്ച തുകയും സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ വിവിധ വകുപ്പുതലവൻമാരിൽ നിന്ന് ശേഖരിച്ചുവരുന്നു.

ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപടികൾ

110 (116) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-ാം ശമ്പളകമ്മീഷൻ ജൂലൈ 13-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനുവേണ്ടി നിയുക്തമായ ക്യാബിനറ്റ് സബ്കമ്മിറ്റി യോഗം എത്ര പ്രാവശ്യം കൂടിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) സബ്കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(ഡി) ബഹു. ധനകാര്യവകുപ്പ് മന്ത്രി രാജിവച്ചതിനെത്തുടർന്ന് ക്യാബിനറ്റ് കമ്മിറ്റിയുടെ ചുമതല ആർക്കെങ്കിലും നൽകിയിട്ടുണ്ടോ ; എങ്കിൽ ആർക്കാണെന്ന് വിശദമാക്കുമോ ;

(ഇ) 2014 ജൂലൈ 1 മുതൽ കുടിശ്ശിക ഉൾപ്പെടെയുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ഉറപ്പ് വരുത്തുമോ ;

(എഫ്) 2014 ജൂലൈ 1 മുതൽ പ്രാബല്യം നൽകി ശമ്പളപരിഷ്കരണം ഏത് തീയതിയിൽ ഉത്തരവാകും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം സംബന്ധിച്ച് പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 13-8-2015-ലെ സ.ഉ. (കൈ) നമ്പർ 358/2015/ധന. പ്രകാരം ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ ഒരു യോഗം 3-12-2015-ൽ ചേരുന്നുണ്ട്.